പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 2377

23/03/2012-ൽ മറുപടിക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസിലെ നിയമനം

| ചോദ്യം<br>ശ്രീ. പി.റ്റി.എ.റഹീം. | ഉത്തരം<br>ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി,<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
|---|---|
| എ). മുനിസിപ്പൽ കോമൺ സർവ്വീസിൽ ആകെയുള്ള ഒഴിവുകളിൽ എത്ര ശതമാനം വരെയാണ് ആശ്രിത നിയമനമായി നൽകാവുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) സർക്കാർ സർവീസിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നിശ്ചിത ശതമാനം/ക്വാട്ട നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ എത്ര ക്ലറിക്കൽ ജീവനക്കാരുണ്ടെന്നും ഇവരിൽ എത്ര പേർ പി.എസ്.സി. വഴിയും എത്ര പേർ ആശ്രിത നിയമനം വഴിയും നിയമിക്കപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ ; | ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ. ഡി. ക്ലാർക്ക്/ ബിൽ കളക്ടർ തസ്തികയിൽ ആകെ 1215 ജീവനക്കാരാണുള്ളത്. അതിൽ 101 ജീവനക്കാർ ആശ്രിതനിയമന പ്രകാരവും ശേഷിക്കുന്നവ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടും ഉദ്യോഗക്കയറ്റം വഴിയും നിയമിച്ചിട്ടുള്ളതുമാണ്. |
| സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ എത്ര ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുണ്ടെന്നും ഇവരിൽ എത്രപേർ പി.എസ്.സി. വഴിയും എത്ര പേർ ആശ്രിത നിയമനം വഴിയും നിയമിക്കപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ ; | സി) കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ 952 ജീവനക്കാരാണ് നിലവിലുള്ളത്. അതിൽ 46 പേർക്ക് ആശ്രിത നിയമനം വഴിയും ശേഷിക്കുന്നവ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടും ആണ് നിയമിച്ചിട്ടുള്ളത്. |

തുടർച്ച.......

| | | | |
|---|---|---|---|
| ഡി) | ആശ്രിത നിയമനം പത്ത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; | ഡി) & ഇ) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നിശ്ചിത ക്വാട്ട നിഷ്കർഷിച്ചിട്ടില്ല. 24/05/1999 ലെ സ. ഉ. (പി) നം. 12/99/ ഉഭപവ. ന്റെ ഖണ്ഡിക 30 ലെ വ്യവസ്ഥ പ്രകാരം എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിലെ ആശ്രിതനിയമനം അതത് വകുപ്പിൽ നിലവിലുള്ളതോ ഉടനുണ്ടാകുന്നതോ ആയ ഒഴിവിൽ നൽകേണ്ടതാണ്. ഇതിനു പുറമേ ടി ഉത്തരവിലെ ഖണ്ഡിക 34 പ്രകാരം നിയമനം നൽകുന്നതിനായി എൽ. ഡി. ക്ലർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളുടെ 5% എല്ലാ വകുപ്പുകളും ഓരോ വർഷവും പൊതുഭരണ (സി.ഇ. സെൽ) വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. മരണമടഞ്ഞ സർക്കാരുദ്യോഗസ്ഥന്റെ കുടുംബത്തിന് ഉടനടി ആശ്വാസമേകുകയാണ് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ലക്ഷ്യം. |
| ഇ) | ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | | |
| എഫ്) | മേൽ ഉത്തരവ് മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകളിൽ ബാധകമാക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എഫ്) | ഇല്ല |
| ജി) | പരിധിയിൽ കൂടുതലായി ആശ്രിത നിയമനം നടക്കുന്നത് പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സംവരണ തസ്തികകൾ നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ജി) | ഇല്ല |
| എച്ച്) | എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | എച്ച്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ